©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ജൂൺ 09<br>09th June 2020<br>1195 ഇടവം 26<br>26th Idavam 1195<br>1942 ജ്യേഷ്ഠം 19<br>19th Jyaishta 1942 | നമ്പർ<br>No. | 1364 |

### കേരള സർക്കാർ

### മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ(അച്ചടി) നം. 07/2020/മതുവ

*തിരുവനന്തപുരം,* *2020,ജൂൺ 6*

*1195,ഇടവം 23*

**എസ്. ആർ. ഒ. നമ്പർ 374/2020** .- 2014-ലെ കേരള മത്സ്യവിത്ത് ആക്ടിലെ (2015-ലെ 4) 7-ാം വകുപ്പും 9-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകളും കൂട്ടിവായിച്ച പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ 2019 ജൂൺ 7-ാം തീയതി സഉ(അച്ചടി) നമ്പർ 25/2019 മതുവ നമ്പരായി പുറപ്പെടുവിച്ചതും 2019 ജൂൺ 26-ാം തീയതിയിലെ 1410-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 416/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ രൂപീകരിച്ച പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിലേയ്ക്ക്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നാമനിർദ്ദേശം ചെയ്തിരുന്ന എക്സ് ഒഫീഷ്യോ അംഗങ്ങളെ താഴെപറയും പ്രകാരം പുനർവിന്യസിച്ച കൊണ്ട് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്യുന്നു, അതായത്:-

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിലെ:-

1. "I പ്രാദേശിക മത്സ്യവിത്തുകേന്ദ്രം, തിരുവനന്തപുരം" എന്ന ശീർഷകത്തിൻ കീഴിൽ ക്രമനമ്പർ- 3 ലെ നിലവിലുള്ള ഉൾക്കുറിപ്പുകൾക്കുശേഷം താഴെപറയുന്ന ഇനങ്ങളും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:-

"(iii) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ – അംഗം (എക്സ് ഒഫീഷ്യോ)

(iv) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം – അംഗം (എക്സ് ഒഫീഷ്യോ)"

2. "II പ്രാദേശിക മത്സ്യവിത്തുകേന്ദ്രം, എറണാകുളം" എന്ന ശീർഷകത്തിൻ കീഴിൽ ക്രമനമ്പർ 3-ലെ ഉൾക്കുറിപ്പുകൾക്കു പകരം താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

"(i) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം – അംഗം (എക്സ് ഒഫീഷ്യോ)

(ii) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ – അംഗം (എക്സ് ഒഫീഷ്യോ)

(iii) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട് – അംഗം (എക്സ് ഒഫീഷ്യോ)"

3. "III പ്രാദേശിക മത്സ്യവിത്തുകേന്ദ്രം, കോഴിക്കോട്" എന്ന ശീർഷകത്തിൻ കീഴിൽ ക്രമനമ്പർ 3 ലെ (i)-ാം ഇനത്തിൽ "പാലക്കാട്" എന്ന വാക്കിനു പകരം "മലപ്പുറം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം

*ടിങ്കു ബിസ്വാൾ*

*ഗവൺമെന്റ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

കേരള സർക്കാർ 2019 ജൂൺ 7-ാം തീയതിയിലെ സ.ഉ(അച്ചടി) നമ്പർ 25/2019/മ.തു.വ നമ്പരായി പുറപ്പെടുവിച്ചതും 2019 ജൂൺ 26-ാം തീയതിയിലെ 1410-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 416/2019 ആയി പ്രസിദ്ധീകരിച്ചതുമായ വിജ്ഞാപന പ്രകാരം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ രൂപീകരിച്ച പ്രാദേശിക മത്സ്യവിത്ത് കേന്ദ്രങ്ങളിൽ എക്സ് ഒഫീഷ്യോ അംഗങ്ങളായിട്ടുള്ള ഡെപ്യൂട്ടി ഡയറക്ടർമാർ അതത് സോണൽ ജോയിന്റ് ഡയറക്ടറുടെ അധികാരപരിധിയിൽ വരുന്ന ഡെപ്യൂട്ടി ഡയറക്ടർമാർ തന്നെയായിരിക്കുന്നത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മത്സ്യവിത്ത് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് കൂടുതൽ പ്രയോജനകരമായിരിക്കും എന്ന് ബോധ്യപ്പെട്ടതിനാൽ പുനർവിന്യസിക്കുന്നതിനു തീരുമാനിച്ചു. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം എന്നീ എക്സ് ഓഫീഷ്യോ അംഗങ്ങളെ എറണാകുളം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ നിന്നും മാറ്റി തിരുവനന്തപുരം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലും, കോഴിക്കോട് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിൽ എക്സ് ഓഫീഷ്യോ അംഗമായ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാടിനെ എറണാകുളം പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറത്തെ എക്സ് ഒഫീഷ്യാ അംഗമായി കോഴിക്കോട് പ്രാദേശിക മത്സ്യവിത്ത് കേന്ദ്രത്തിലും ഉൾപ്പെടുത്തി എസ്.ആർ.ഒ നമ്പർ 416/2019 വിജ്ഞാപനത്തിൽ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salir
Date 2020.06.09 02:36